കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം
ഹാജർ:- അബ്ദുൾ നാസർ.ബി ഐ.എ.എസ്)

എൽ.എ.11-112579/18 തീയതി: 5.5.2021

വിഷയം:- സ്ഥലമെടുപ്പ്-RFCT LARR Act 2013- മയ്യനാട് റെയിൽവേ മേൽപ്പാല നിർമ്മാണം- സാമൂഹ്യ പ്രത്യാഘാത പഠനം, വിദഗ്ധ സമിതി ശുപാർശ എന്നിവയിൻമേൽ സമുചിത സർക്കാർ അന്തിമ ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന:- 1) 24.12.18 ലെ മാനേജിംഗ് ഡയറക്ടറുടെ RBDCK/LA/2058/2018/ 2140 നമ്പർ കത്ത്
2) G.O(Rt) No. 942/2017/PWD തീയതി 10.7.2017 ലെ നമ്പർ കത്ത്
3) റവന്യൂ (ബി) വകുപ്പിന്റെ 13.5.19 ലെ G.O(Rt) 1113/2019/RD നമ്പർ ഉത്തരവ്
4) 29.11.19 തീയതിയിലെ മേൽ നമ്പർ നടപടിക്രമം
5) ഗസറ്റ് നം 1666 തീയതി 6.7.2020 ലെ 4(1) വിജ്ഞാപനം
6) രാജഗിരി ഔട്ട്റീച്ച് സൊസൈറ്റി 16.12.2020 ൽ സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്
7) വിദഗ്ധ സമിതിയുടെ 4.3.2021 ലെ റിപ്പോർട്ട്

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരം മയ്യനാട് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മയ്യനാട് വില്ലേജിൽ ബ്ലോക്ക് നം. 26 ൽ റീസർവേ 379, 383, 171, 382, 381, 77, 181, 180 എന്നീ നമ്പരുകളിൽപ്പെട്ട 83.60 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം അർത്ഥന സമർപ്പിച്ചിരുന്നതും സൂചന(2) പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കളക്ടർമാരെ സമുചിത സർക്കാരായി സൂചന(3) സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് സൊസൈറ്റിയെ നിയമിക്കുകയും ടി ഏജൻസി സൂചന(6) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സൂചന(3) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ RFCT LARR Act 2013 വകുപ്പ് 7 പ്രകാരം രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന(7) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മയ്യനാടിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്ന നിർദ്ദിഷ്ട പദ്ധതിയ്ക്ക് ഏറ്റവും അനുയോജ്യവും ഏറ്റവും കുറഞ്ഞ വിസ്തീർണ്ണത്തിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും വ്യക്തികളെയോ കുടുംബങ്ങളെയോ കുടിയൊഴിപ്പിക്കാതെ ഏറ്റെടുക്കാൻ പറ്റുന്ന ഇതര ഭൂമികളൊന്നും തന്നെ സമീപ പ്രദേശങ്ങളിൽ ലഭ്യമല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കാൻ നിർദ്ദേശിച്ച സാമൂഹ്യ പ്രത്യാഘാത പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയ്ക്കും ആസ്തികൾക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാവുന്നതാണെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു. മേൽ സാഹചര്യത്തിൽ ടി ഭൂമി ഏറ്റെടുക്കുന്നതിന് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

# ഉത്തരവ്

മയ്യനാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുകയെന്ന പൊതു ആവശ്യം നിറവേറ്റുന്നതിലേയ്ക്കായി കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മയ്യനാട് വില്ലേജിൽ ബ്ലോക്ക് നം. 26 ൽ റീസർവേ 379, 383, 171, 382, 381, 77, 181, 180 എന്നീ നമ്പരുകളിൽപ്പെട്ട 83.60 ആർസ് ഭൂമി ഏറ്റെടുക്കലിൻമേലുള്ള സാമൂഹിക പ്രത്യാഘാത പഠനത്തിൻമേലുള്ള വിദഗ്ധ സമിതിയുടെ ശുപാർശ അംഗീകരിച്ചും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി മേൽ വിവരിച്ച ഭൂമി ഏറ്റെടുക്കുന്നതിന് സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് RFCT LARR ആക്ട് 2013 ഉപവകുപ്പ് (1) വകുപ്പ് (II) പ്രകാരമുള്ള വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർ, കിഫ്ബി, കൊല്ലം നടപടി സ്വീകരിക്കേണ്ടതാ ണ്.

ഒപ്പ്
ജില്ലാ കളക്ടർ

പകർപ്പ്

1 സ്പെഷ്യൽ തഹസീൽദാർ, കിഫ്ബി, സിവിൽ സ്റ്റേഷൻ, കൊല്ലം
2 മാനേജിംഗ് ഡയറക്ടർ,
   കേരള റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, പാലാരിവട്ടം, കൊച്ചി-682025
3. റവന്യൂ ഡിവിഷണൽ ഓഫീസർ, കൊല്ലം
4. തഹസീൽദാർ, കൊല്ലം
5. സെക്രട്ടറി, മയ്യനാട് ഗ്രാമപഞ്ചായത്ത്

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

113/21 (48) 963533/21

COLLECTORATE
05 MAR 2021

പ്രേക്ഷിതൻ

T3/3070

കെ.എസ്.ശശികുമാർ
സുപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയേർഡ്)
LSGD
ചെയർമാൻ, വിദഗ്ദ്ധ സമിതി,
മയ്യനാട് റെയിൽവേ മേൽപ്പാലം

സ്വീകർത്താവ്

ബഹു: ജില്ലാ കളക്ടർ
കൊല്ലം.

LA II

സർ,

വിഷയം :- **സ്ഥലമെടുപ്പ് - മയ്യനാട് റെയിൽവേ മേൽപ്പാലം സാമൂഹ്യ പ്രത്യാഘാത പഠനം - വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് - സംബന്ധിച്ച്:**

സൂചന :- **ബഹു:ജില്ലാ കളക്ടറുടെ 03.02.2021-ലെ എൽ.എ 11/112579/ 18 എന്ന നടപടിക്രമം**

**മേൽ വിഷയത്തിൽ വിദഗ്ദ്ധ സമിതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിലയിരുത്തൽ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.**

വിശ്വാസപൂർവ്വം,

(ഒപ്പ്)

കൊല്ലം
04-03.2021

കെ.എസ് ശശികുമാർ
ചെയർമാൻ, വിദഗ്ദ്ധ സമിതി
മയ്യനാട് റെയിൽവേ മേൽപ്പാലം

# മയ്യനാട് റെയിൽവേ മേൽപ്പാലം



## സാമൂഹ്യ ആഘാത പഠനം-

## വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്

# കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജിൽ മയ്യനാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനു വേണ്ടിയുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ

കൊല്ലം ജില്ലയിൽ, കൊല്ലം താലൂക്കിൽ മയ്യനാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി മയ്യനാട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന സർവ്വെ സബ് ഡിവിഷനിൽ നിലവിലുള്ള റയിൽവേ ക്രോസിൽ (LC No:551) നിന്നും 100m വടക്കോട്ടുമാറി 85.90 ആർസ് (212 സെന്റ്) വസ്തുവും അതിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളും ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹ്യ ആഘാതത്തെക്കുറിച്ച് പഠിച്ച എസ്.ഐ.എ പഠന യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് യൂണിറ്റ് സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി കൊല്ലം ജില്ലാ കളക്ടറുടെ എൽ. എ. 11-112579/18 തീയതി 03-02-2021-ലെ നടപടി ക്രമമനുസരിച്ച് ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചു.

**അംഗങ്ങൾ**

| | | |
|---|---|---|
| 1. | ശ്രീ.കെ.എസ്.ശശികുമാർ,<br>റിട്ട.സൂപ്രണ്ടിംഗ് എഞ്ചിനീയർ,<br>LSGD | ചെയർമാൻ |
| 2. | ശ്രീ.വി.ജയപ്രകാശ്,<br>റിട്ട.ഡെപ്യൂട്ടി കളക്ടർ | അംഗം |
| 3. | ശ്രീ.ജെ.വേണുഗോപാലൻ,<br>റിട്ട.തഹസിൽദാർ | അംഗം |
| 4. | ശ്രീ.അജീഷ്.കെ.എസ്,<br>സാമൂഹ്യ ശാസ്ത്രജ്ഞൻ, | അംഗം |
| 5. | ശ്രീ.ദീപക്.എസ്,<br>സാമൂഹ്യ ശാസ്ത്രജ്ഞൻ | അംഗം |
| 6. | ശ്രീമതി. ഹലീമ<br>മെമ്പർ വാർഡ് - 19<br>മയ്യനാട് ഗ്രാമപഞ്ചായത്ത് | അംഗം |
| 7. | ശ്രീ.മയ്യനാട് സുനിൽ,<br>മെമ്പർ വാർഡ് - 15<br>മയ്യനാട് ഗ്രാമഞ്ചായത്ത് | അംഗം |

## സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം.

പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണം റിപ്പോർട്ട് താഴെ നല്കിയിരിക്കുന്നു.

1.1 കൊല്ലം താലൂക്കിൽ ഉൾപ്പെട്ട മയ്യനാട് വില്ലേജിലായി മയ്യനാട് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b) (1) പ്രകാരം ''പൊതു ആവശ്യമായ്'' നിർവ്വചിക്കാവുന്നതാണ്.

നിർദ്ദിഷ്ട പ്രദേശത്തുള്ള തങ്ങളുടെ ഭൂമി നഷ്ടമാകുന്ന കുടുംബങ്ങളാണ് പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതർ. 2 തുറസ്സായ സ്ഥലങ്ങൾ, 2 വീടുകൾ, 22 കടകൾ, 7 വീടുകളുടെ ഭാഗികമായ സ്ഥലങ്ങൾ, അവയുടെ ചുറ്റുമതിലും കുറച്ച് വീടുകളുടെ ചുറ്റുമതിലും, ഗേറ്റും, ഗവൺമെന്റ് ഹൈയർ സെക്കന്ററി സ്കൂളിന്റെ മുൻവശത്തെ കെട്ടിടവും, സ്ഥലവും, സ്കൂൾ മുൻവശത്തെ മതിൽ എന്നിവ ആഘാത ബാധിതമാകുന്നുണ്ട്. പ്രസ്തുത പ്രദേശം ഏറ്റെടുക്കുന്നത് മൂലം തങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടമാകുമെന്ന് കുടുംബങ്ങൾ അഭിപ്രായപ്പെട്ടു. വർഷങ്ങളായി പ്രദേശത്ത് കച്ചവടം നടത്തുന്ന 22 കടകളുടെ ഉടമസ്ഥരും അതിലെ തൊഴിലാളികളുടേയും കുടുംബങ്ങളെ പരോക്ഷ ആഘാത ബാധിതരായി കാണേണ്ടതാണ്. സർവ്വെ ചെയ്ത 98 % കുടുംബങ്ങളും ന്യായമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനെ അനുകൂലിക്കുകയും നടപടികൾ വേഗത്തിലാക്കണമെന്ന് താൽപ്പര്യപ്പെടുകയും ചെയ്യുന്നു. പദ്ധതിയ്ക്ക് വേണ്ടി കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളെയും പുനരധിവാസ പുനസ്ഥാപന നടപടികളിലൂടെ ആഘാതം ദൂരീകരിക്കാവുന്നതാണ്. കടയുടമസ്ഥർക്കും ന്യായമായ നഷ്ടപരിഹാരം നല്കി ആഘാതം ദൂരീകരിക്കാവുന്നതാണ്.

1.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കൊട്ടിയം മയ്യനാട് റോഡിൽ മയ്യനാട് ജംഗ്ഷനോടുചേർന്നു, റെയിൽവേ സ്റ്റേഷനടുത്തുള്ള മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസിനും, അതോടൊപ്പം Shopping Market എന്നിവയുടെ അടുത്താണ് നിവവിലുള്ള 551-ാം നമ്പർ റയിൽവേ ക്രോസ്. തിരക്കേറിയ സമയങ്ങളിൽ റെയിൽവേ ക്രോസിങ്ങിൽ ദീർഘ നേരമുള്ള വാഹനങ്ങളുടെ

കാത്ത് കിടപ്പും അതുമൂലമുണ്ടാകുന്ന ഇന്ധന നഷ്ടവും, സമയ നഷ്ടവും, വായു മലി നീകരണവും, അപകട മരണങ്ങളും, യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും ഉണ്ടാ കുന്ന ബുദ്ധിമുട്ടുകളും കൂടാതെ അത്യാവശ്യ ഘട്ടത്തിൽ ആംബുലൻസ്, അഗ്നിശമന സേനയുടെ വാഹനം തുടങ്ങിയ സേവനങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയാതെ വരുക തുടങ്ങിയ ബുദ്ധിമുട്ടുകൾക്ക് റെയിൽവേ മേൽപ്പാല നിർമ്മാണത്തിലൂടെ പരിഹാരമാ കും. ആളില്ലാ ലെവൽ ക്രോസിങ്ങുകളിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാനും സംസ്ഥാനത്തുടനീളം ഗതാഗതം സുഗമമാക്കുന്നതിനുമാണ് റെയിൽവേ മേൽപ്പാ ലങ്ങളുടെ നിർമ്മാണം ലക്ഷ്യം വയ്ക്കുന്നത്. ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.

<u>ശുപാർശകൾ</u>

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കു, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ന്റെ വെളിച്ചത്തിൽ കേരളാ സർക്കാർ റവന്യു ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O (MS) No. 448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതി നുള്ളപുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരം പദ്ധതി ആഘാതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും നൽകേണ്ടതാണ്.

2. ആഘാത ബാധിതമാകുന്ന പ്രദേശത്തെ കടകളുടെ ഉടമസ്ഥർക്കും തൊഴിലാളി കൾക്കും ആവശ്യമായ നഷ്ടപരിഹാരം നൽകുക.

3. പദ്ധതി നിർമ്മാണ ഘട്ടത്തിലും, നിലവിൽ വന്നതിന് ശേഷവും പ്രദേശത്തെ പൊതു/സ്വകാര്യ സ്ഥാപനങ്ങളിലേക്കും, സ്കൂളിലേക്കും, കടകളിലേക്കും പ്രവേ ശനം തടസ്സപ്പെടുവാതിരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

4. കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്ന ഉപജീവന മാർഗ്ഗം പുനസ്ഥാപിക്കുക.

5. റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം മയ്യനാട് Regional Co-operative Bank-ന്റ കിഴക്കുഭാഗത്ത് Post Office Junction-ൽ സമീപത്തുനിന്നും ആരംഭിക്കുന്നതിനാൽ നിർമ്മാണ ഘട്ടത്തിൽ ആവശ്യമായ സുരക്ഷാ നടപടികൾ കൈക്കൊള്ളുക.

6. പദ്ധതി നിലവിൽ വന്നതിന് ശേഷം കടകളിലേക്കുള്ള പ്രവേശനം തടസ്സപ്പെടുന്നത് മൂലം തങ്ങളുടെ കച്ചവടം നഷ്ടപ്പെടും എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുത്തണം എന്ന നിലയിൽ ഏറ്റെടുക്കപ്പെടാത്ത കട ഉടമകളുടെ ആവശ്യം പരിഗണിക്കുക.
7. കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.

മുകളിൽ പറഞ്ഞിരിക്കുന്ന ശുപാർശകൾ ഈ പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി രാജഗിരി ഔട്ട് റീച്ച് യൂണിറ്റിന്റെ വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

ഈ വിദഗ്ദ്ധസമിതി 01-03-2021 ൽ കൂടി നിലവിലുള്ള റോഡും മയ്യനാട് പ്രദേശത്തെ 551-ാം നമ്പർ ലെവൽ ക്രോസ്സും, പദ്ധതി പ്രദേശത്തുള്ള കടകൾ, വീടുകൾ, സ്കൂൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയും അനുബന്ധ സ്ഥലങ്ങളും സന്ദർശിക്കുകയും, പ്രദേശവാസികളോടും മറ്റും വിവരങ്ങൾ ശേഖരിക്കുകയും, പദ്ധതിയെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് 02-03-2021 ൽ സമിതി വീണ്ടും കൂടുകയും സ്ഥലസന്ദർശന വിവര ശേഖരണത്തിന്റെയും സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടത്തിയ ശേഷം ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ വിദഗ്ദ്ധ സമിതി താഴെ പറയുന്ന കാര്യങ്ങളിലേക്ക് വിലയിരുത്തൽ നടത്തി.

## വിദഗ്ദ്ധ സമിതിയുടെ അഭിപ്രായങ്ങളും, ശുപാർശകളും

വളരെ ദീർഘമായ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും, ചർച്ചകൾക്കുമൊടുവിൽ താഴെ പറയുന്ന അഭിപ്രായങ്ങളും, ശുപാർശകളും കൈക്കൊള്ളുകയും അവ ഇവിടെ സമർപ്പിക്കുകയും ചെയ്യുന്നു.

1. കൊല്ലം താലൂക്കിലെ മയ്യനാട് വില്ലേജിലെ മയ്യനാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് വേണ്ടി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b) (1) പ്രകാരം ''പൊതു ആവശ്യമായ്'' നിർവ്വചിക്കാവുന്നതും ആയതിനാൽ മയ്യനാട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന

സർവ്വേ സബ് ഡിവിഷനിൽ നിന്നും, ഉൾപ്പെടെ ആകെ 212 സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത് എന്ന് ശുപാർശ ചെയ്യുന്നു.

2. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ വിസ്തീർണ്ണം ആയ 85.90 ആർസ് (212 സെന്റ്) ഭൂമി മാത്രമേ ഏറ്റെടുക്കുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ എന്നും ആകയാൽ സമിതി ആയത് ശുപാർശ ചെയ്യുന്നു.

3. മയ്യനാട് ലെവൽക്രോസ് പ്രദേശത്ത് സുഗമവും നിർവിഘ്നവുമായ ഗതാഗതവും അതിലൂടെ മയ്യനാടിന്റെ അടുത്ത പ്രദേശങ്ങളിലൂടെയും വികസനത്തിനു വഴി ഒരുക്കുക എന്ന ലക്ഷ്യത്തിനായി പദ്ധതി വിഭാവനം ചെയ്തതാണെന്നും പ്രസ്തുത പ്രദേശത്ത് മറ്റു അലൈൻമെന്റുകളിൽ നിന്നും വ്യത്യസ്ഥമായി കുറച്ചു കെട്ടിടങ്ങൾ ഉള്ളതിനാൽ പദ്ധതിയിൽ നിർദ്ദേശിച്ച അലൈൻമെന്റിൽ മറ്റു മാറ്റം വരുത്തേണ്ടതില്ലാ എന്നത് സമിതി വിലയിരുത്തി. പദ്ധതിയ്ക്കായി ഏറ്റവും അനുയോജ്യമായ സ്ഥലമാണ് എറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും ആകയാൽ അത് സമിതി ശുപാർശ ചെയ്യുന്നു.

4. മയ്യനാട് നിലവിലുള്ള 551-ാം നമ്പർ റെയിൽവേ ക്രോസ് തിരക്കേറിയ സ്ഥലമായതിനാലും, മുകളിൽ 1.2-ൽ പറഞ്ഞിരിക്കുന്ന തിരക്കുള്ള സ്ഥലമായതിനാലും, പ്രസ്തുത ലെവൽ ക്രോസിൽ നിന്നും 100 m വടക്കോട്ടുമാറിയാണ് ROB-യും, Approach road- ഉം അതിന് അനുബന്ധമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രദേശത്തെ 551-ാംനമ്പർ റെയിൽവേ ലെവൽ ക്രോസിംഗിന് പകരമായയണ് നിർദ്ദിഷ്ട ROB നിർമ്മിക്കുന്നത്. പദ്ധതി പ്രദേശത്ത് വളരെകുറച്ചു കെട്ടിടങ്ങളും സ്ഥലങ്ങളും മാത്രം നീക്കം ചെയ്യേണ്ടി വന്നിട്ടുള്ളതിനാൽ നിലവിലെ അലൈമെന്റിൽ നിന്നുംയാതൊരു മാറ്റവും വരുത്തുക അസാദ്ധ്യമാണെന്നും മറ്റു മാർഗ്ഗങ്ങൾ പരിഗണിക്കുക എന്നത് അഭികാമ്യമല്ല എന്നും സമിതി ശുപാർശ ചെയ്യുന്നു. കൊട്ടിയം-മയ്യനാട് റോഡ് നിലവിൽ രണ്ട് വരി പാതയാണ്. നിർദ്ദിഷ്ട റെയിൽവേ മേൽപാലവും രണ്ടുവരി പാതയാണ്. നിർദ്ദിഷ്ടറെയിൽവേ മേൽപ്പാലവും രണ്ടു വരിയായി 10.20 മീറ്റർ ക്യാരേജ് വീതിയും ഒരു ഭാഗത്ത് 1.5 മീറ്റർ നടപ്പാത ഉൾപ്പടെ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും കൂട്ടിക്കട ഭാഗത്ത് 220.08 മീ. അപ്രോച്ച് റോഡും കൊട്ടിയം ഭാഗത്ത്138.78 മീ. അപ്രോച്ച്റോഡും, 386.26മീ. ബ്രിഡ്ജും നിർമ്മിക്കുവാൻ രൂപകൽപ്പന ചെയ്തത് ഏറ്റവും അനുയോജ്യമാണെന്നും ആയതുമൂലം മേൽപ്പാലത്തിന്റെ അപ്രോച്ച്ഭാഗത്തിന്റെ നീളം കഴിയുന്നത്ര കുറയ്ക്കുവാൻ വിഭാവന ചെയ്ത് സ്ഥലങ്ങളും കെട്ടിടങ്ങളും താരതമ്യേന കുറവ്മാത്രമേ ഏറ്റെടുക്കപ്പെടേണ്ടി വരുകയുള്ളു എന്നത് സമിതി വിശദ

മായ ചർച്ചയിലൂടെ വിലയിരുത്തി. ഭൂമി ഏറ്റെടുക്കലിന്റെ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013-ാം കേരള സർക്കാർ റവന്യു (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ GO( MS) No.485/2015/RD പ്രകാരുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കുമുള്ള നയം, ഇവ പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ച പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും സമഗ്ര വികസനത്തിനു വഴിയൊരുക്കുന്ന ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാമെന്ന് വിദഗ്ദ്ധ സമിതി ഒറ്റകെട്ടായി അഭിപ്രായപ്പെടുന്നു.

കൊല്ലം
04.03.2021

കെ.എസ്.ശശികുമാർ
ചെയർമാൻ (വിദഗ്ദ്ധസമിതി)

# ഭൂമി ഏറ്റെടുക്കൽ - മയ്യനാട് റെയിൽവേ മേൽപ്പാലം-

## സാമൂഹിക പ്രത്യാഘാത പഠനം-

## വിദഗ്ദ്ധ സമിതി

01.03.2021ൽ വിദഗ്ദ്ധ സമിതി സംയുക്തമായി പദ്ധതി പ്രദേശം സന്ദർശിച്ചു

| ക്രമ നമ്പർ | പേരും മേൽവിലാസവും | കാറ്റഗറി | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1. | ശ്രീ. കെ എസ്.ശശികുമാർ<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ,<br>(റിട്ടയേർഡ്)<br>**LSGD** | ചെയർമാൻ | 9447012848 | [signature] |
| 2. | ശ്രീ.ജയപ്രകാശ് വി,<br>ഡെപ്യൂട്ടി കളക്ടർ<br>(റിട്ടയേർഡ്) | അംഗം | 9447257481 | [signature] |
| 3. | ശ്രീ.ജെ. വേണുഗോപാലൻ,<br>തഹസീൽദാർ<br>(റിട്ടയേർഡ്) | അംഗം | 9497758862 | [signature] |
| 4. | ശ്രീ.അജീഷ്.കെ.എസ്,<br>സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9400547228 | [signature] |
| 5. | ശ്രീ.ദീപക് എസ്,<br>സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം | 9497365082 | [signature] |
| 6. | ശ്രീമതി ഹലീമ,<br>മെമ്പർ, മയ്യനാട്<br>ഗ്രാമപഞ്ചായത്ത്<br>വാർഡ്-19 | അംഗം | 9605070948 | [signature] |
| 7. | ശ്രീ.മയ്യനാട് സുനിൽ,<br>മെമ്പർ, മയ്യനാട്<br>ഗ്രാമപഞ്ചായത്ത്<br>വാർഡ്-15 | അംഗം | 9847819760 | [signature] |

## ഭൂമി ഏറ്റെടുക്കൽ - മയ്യനാട് റെയിൽവേ മേൽപ്പാലം-

## സാമൂഹിക പ്രത്യാഘാത പഠനം-

## വിദഗ്ദ്ധ സമിതി

**02.03.2021ൽ വിദഗ്ദ്ധ സമിതി മയ്യനാട് ഗ്രാമപഞ്ചായത്ത് കോൺഫറൻസ്ഹാളിൽ യോഗം കൂടി**

| ക്രമ നമ്പർ | പേരും മേൽവിലാസവും | കാറ്റഗറി | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|---|
| 1. | **ശ്രീ. കെ എസ്.ശശികുമാർ സൂപ്രണ്ടിംഗ് എഞ്ചിനീയർ,** (റിട്ടയേർഡ്) **LSGD** | ചെയർമാൻ | 9447012848 | |
| 2. | ശ്രീ.ജയപ്രകാശ്. വി, ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) | **അംഗം** | 9447257481 | |
| 3. | **ശ്രീ.ജെ. വേണുഗോപാലൻ,** തഹസീൽദാർ (റിട്ടയേർഡ്) | **അംഗം** | 9497758862 | |
| 4. | ശ്രീ.അജീഷ്.കെ.എസ്, സാമൂഹിക ശാസ്ത്രജ്ഞൻ | **അംഗം** | 9400547228 | |
| 5. | ശ്രീ.ദീപക് എസ്, സാമൂഹിക ശാസ്ത്രജ്ഞൻ | **അംഗം** | 9497365082 | |
| 6. | ശ്രീമതി ഹലീമ, **മെമ്പർ, മയ്യനാട്** ഗ്രാമപഞ്ചായത്ത് **വാർഡ്-19** | **അംഗം** | 9605070948 | |
| 7. | ശ്രീ.മയ്യനാട് സുനിൽ, **മെമ്പർ, മയ്യനാട്** ഗ്രാമപഞ്ചായത്ത് **വാർഡ്-15** | **അംഗം** | 9847819760 | |

കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം

ഹാജർ:- അബ്ദുൾ നാസർ.ബി ഐ.എ.എസ്)

എൽ.എ.11- 112579/18 തീയതി: 3.2.2021

വിഷയം:- സ്ഥലമെടുപ്പ്-മയ്യനാട് റെയിൽവേ മേൽപ്പാലം- സാമൂഹിക പ്രത്യാഘാത പഠനം- വിദഗ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം തീയതി 29.11.19

2) ഗസറ്റ് നം 1666 തീയതി 6.7.2020 ലെ 4(1) വിജ്ഞാപനം

3) രാജഗിരി ഔട്ട്റീച്ച് സൊസൈറ്റി 16.12.2020 ൽ സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്

4) ജി.ഒ(പി) നം 377/16/ആർ.ഡി തീയതി 29.6.16 ലെ സർക്കാർ ഉത്തരവ്

മയ്യനാട് റെയിൽവേ മേൽപ്പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക പ്രത്യാഘാതപഠനം നടത്തുന്നതിനായി സൂചന(1) പ്രകാരം എസ്.ഐ.എ പഠന യൂണിറ്റിനെ നിയോഗിച്ചിട്ടുള്ളതും സൂചന(2) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. സൂചന(3) പ്രകാരം എസ്.ഐ.എ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് യൂണിറ്റ് അന്തിമ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. RFCT LARR ആക്ട് 2013 വകുപ്പ് 7 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുള്ള വിദഗ്ധ സമിതിയെ രൂപീകരിക്കേണ്ടതുണ്ട്. ജില്ലാ തലത്തിൽ രണ്ട് അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞർ, പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധരായ രണ്ട് പേരെയും തിരഞ്ഞെടുത്തിട്ടുള്ളതാണ്. ടി അംഗങ്ങളെയും പദ്ധതി ബാധിക്കപ്പെട്ട പ്രദേശങ്ങളിലെ രണ്ട് മെമ്പർമാരെയും (ഒരു വനിത ഉൾപ്പെടെ) ഒരു സാങ്കേതിക വിദഗ്ധനെയും ഉൾപ്പെടുത്തി സൂചന(4) പ്രകാരമുള്ള ഉത്തരവിന് വിധേയമായി ചുവടെ ചേർക്കും പ്രകാരം ടി സ്ഥലമെടുപ്പ് നടപടിയിൽ വിദഗ്ധ സമിതിയെ രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | കാറ്റഗറി | പേര് |
|---|---|---|
| 1 | രണ്ട് അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞർ | 1 ശ്രീ.അജീഷ്, ശിവശൈലം, സ്റ്റാർച്ച് ഫാക്ടറിക്ക് സമീപം, വെള്ളിമൺ പി.ഒ, കുണ്ടറ-691571<br>Mobile No- 9400547228<br>2 ശ്രീ.ദീപക്ക്.എസ്, ഗൗരി മാധവം ഹൗസ് നം.113, ആശ്രാമം നഗർ, ആശ്രാമം, കൊല്ലം - Mobile No 9497365082 |
| 2 | ബാധിക്കപ്പെട്ട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ | 1 ശ്രീമതി.ഹലീമ, മെമ്പർ, മയ്യനാട് ഗ്രാമപഞ്ചായത്ത് വാർഡ് 19 Mobile No- 9605070948<br>2 ശ്രീ.മയ്യനാട് സുനിൽ, മെമ്പർ, മയ്യനാട് ഗ്രാമപഞ്ചായത്ത് വാർഡ് 15 Mobile No- 9847819760 |
| 3 | പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധരായ രണ്ട് പേർ | 1 ശ്രീ.ജയപ്രകാശ്, റിട്ടയേർഡ് ഡെ.കളക്ടർ, തിരുവനന്തപുരം<br>Mobile No- 9447257481<br>2 ശ്രീ.വേണുഗോപാലൻ.ജെ, റിട്ടയേർഡ് തഹസീൽദാർ<br>Mobile No- 9497758862 |

| | | |
|---|---|---|
| 4 | സാങ്കേതിക വിദഗ്ദ്ധൻ | ശ്രീ.കെ.എസ്.ശശികുമാർ, സൂപ്രണ്ടിംഗ് എഞ്ചിനിയർ(Rtd) LSGD, കൈപ്പള്ളിൽ ഹൗസ്, ഭാവനാ നഗർ-91, കടപ്പാക്കട, കൊല്ലം Mobile No- 9447012848 |

വിദഗ്ദ്ധ സമിതിയുടെ ചെയർമാനായി കെ.എസ്.ശശികുമാറിനെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്
ജില്ലാ കളക്ടർ

പകർപ്പ്:-
1) മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ ലിമിറ്റഡ്
2nd ഫ്ളോർ, പ്രീതി ബിൽഡിംഗ്, എം.വി.റോഡ്, പാലാരിവട്ടം, കൊച്ചി-682025
2) സ്പെഷ്യൽ തഹസീൽദാർ, കിഫ്ബി, സിവിൽ സ്റ്റേഷൻ, കൊല്ലം
3) ബന്ധപ്പെട്ട വ്യക്തികൾക്ക്

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)